പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 963 — 03.12.2014 ന് മറുപടിയ്ക്ക്.

# അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) ആധുനിക ലോകത്തിൽ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് ഈ ലാഭേതര കമ്പനിയുടെ പ്രധാന ലക്ഷ്യം. കൺസ്ട്രക്ഷൻ, ഏവിയേഷൻ, നഴ്സിംഗ്, സെക്യൂരിറ്റി, ഓയിൽ&റിഗ്, ഹൈടെക് ഓട്ടോമേഷൻ, റീട്ടെയിൽ, ഓട്ടോമൊബൈൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി, ഫൈനാൻസ്&ബാങ്കിംഗ് എന്നീ മേഖലകളിൽ വിവിധങ്ങളായ വൈദഗ്ധ്യവികസന ഉദ്യമങ്ങൾ നടപ്പാക്കുകയാണ് KASE-ന്റെ പ്രധാന ലക്ഷ്യം. |
| (സി) പ്രസ്തുത സ്ഥാപനം വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് ; | (സി) 2013 മെയ് മാസം മുതൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും 2014 ഒക്ടോബറിൽ കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തായായി. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ട്. |

(ഡി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

(ഡി) എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന വിവിധ മേഖലകളിലും കൺസ്ട്രക്ഷൻ, നഴ്സിംഗ്, സെക്യൂരിറ്റി, ഓയിൽ&റിഗ്, ഹൈടെക് ഓട്ടോമേഷൻ, റീട്ടെയിൽ, ഓട്ടോമൊബൈൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി, ഫൈനാൻസ്&ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ വൈദഗ്ധ്യകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ